PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964.

Friday, the 31st January 1964

Vol. XVIII] OFFICIAL REPORT [No. 5

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 31st January 1964 with Mr. Speaker in the Chair.

Mr. Speaker: Order, order.

FAST BY SHRI P. GOPALAN WALKOUT BY MEMBERS OF OPPOSITION IN SYMPATHY.

ശ്രീ. ഇ. പി. ഗോപാലൻ: സർ, സഭാനടപടികളം ആരംഭിക്കുന്നതിനു മുമ്പായി ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ശ്രദ്ധമായി ഒരു മരണം സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി.....

മി. സ്പീക്കർ : ചോദ്യോത്തരം ഏറ്റവും പ്രധാനമായിട്ടുള്ള ഒരു സഭാനടപടിയാണ്. അതിനു മുമ്പു തന്നെ മറ്റൊരു കാര്യം പറയണമെന്നുണ്ടോ ?

ശ്രീ. ഇ. പി. ഗോപാലൻ : ഉണ്ട്. സർ, ഞങ്ങൾക്കു പ്രധാനമായി തോന്നുന്ന ഒരു കാര്യമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. ശ്രദ്ധമായ ഒരു മരണം ഈ സംസ്ഥാനത്തു സ്ഥാപിച്ചു കിട്ടുന്നതിനു ഇവിടത്തെ ആഭ്യന്തരവകുപ്പുമന്ത്രി രാജിവയ്ക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് മരണകക്ഷിയിലെ ഒരംഗം നിരാഹാരവ്രതം അനുഷ്ഠിക്കുകയാണ്. അദ്ദേഹത്തോട് അനുഭാവം പ്രദർശിപ്പിക്കുന്നതിനുവേണ്ടി. ഞങ്ങളും അദ്ദേഹത്തിന്റെ ഒന്നിച്ചു ഇന്നേദിവസം ഇരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതനുസരിച്ചു ഞങ്ങളുടെ പാർട്ടിയിലുള്ളവർ പുറത്തുപോകുന്നുവെന്നുള്ള കാര്യം അങ്ങയെ അറിയിക്കാൻവേണ്ടിയാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നതു.

ശ്രീ. പി. കെ. കുഞ്ഞു : സർ, എനിക്കും അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യംപെടുത്തുവാനുണ്ട്. യാതൊരു തത്വദീക്ഷയും, സത്യനിഷ്ഠയുമില്ലാതെയാണ് കോൺഗ്രസ്സ് ഗവണ്മെന്റു ഇവിടെ ഭരിച്ചിരിക്കുന്നതെന്നുള്ള യാഥാർത്ഥ്യം ഈ രാജ്യത്തിലെ ജനങ്ങളും മുഴുവനും ധരിച്ചിരിക്കുകയാണ്. ഈ ഗവണ്മെന്റിന്റെ ഭരണം ജനാധിപത്യവിരുദ്ധവും, നീതിപൂർവ്വകമല്ലാത്തതുമാണെന്നു ഇതിനകം എല്ലാവർക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ ഭരണത്തിലുള്ള ദുഷ്യങ്ങളം മാറുന്നതിനും, ശ്രദ്ധമായ ഒരു മരണം തുടർന്നുകൊണ്ടുപോകുന്നതിനും ആവശ്യമായ നടപടികളം സ്വീകരിക്കുന്നതിനു എക്കാലവും അമാന്തമാണ്. മരണകക്ഷി കാണിക്കുന്നതെന്നുള്ള അഭിപ്രായം ഞങ്ങൾക്കുണ്ട്. അതുകൊണ്ടാണ് മരണകക്ഷിയിൽപ്പെട്ട ഒരംഗം തന്നെ ഇന്നത്തെ മരണരീതി

യോടുള്ള പ്രതിഷേധം കാണിച്ചുകൊണ്ട് നിരാഹാരവ്രതം ആരംഭിച്ചിരിക്കുന്നത്. സത്യമായആദർശങ്ങളേയും, ആത്മാർത്ഥതയേയും, മാനുഷികമൂല്യങ്ങളേയും പരിഗണിച്ച് ഇന്നു സത്യാഗ്രഹം അനുഷ്ഠിക്കുന്ന ശ്രീ. ഗോപാലന്റെ സേവനങ്ങളെ മാനിച്ചുകൊണ്ട് ഈ സഭാനടപടികളിൽ പങ്കുകൊള്ളാതിരിക്കുകയാണു വേണ്ടതെന്നുള്ള അഭിപ്രായം എന്റെ പാർട്ടിയിലുള്ളവർക്കും ഉണ്ട്. സത്യാഗ്രഹം അനുഷ്ഠിക്കുന്ന ശ്രീ. ഗോപാലന്റെ സാമീപ്യം ഇന്നത്തെ നിയമസഭാനടപടികളും അവസാനിക്കുന്നതുവരെ ഉണ്ടായിരിക്കുന്നതു നല്ലതാണെന്നാണു എന്റെ കക്ഷിയുള്ള അഭിപ്രായം. അങ്ങനെ ഈ ഹൗസുവിട്ട് സത്യാഗ്രഹം അനുഷ്ഠിക്കുന്ന ശ്രീ. ഗോപാലന്റെ സമീപത്തേയ്ക്കു ഞങ്ങളും പോകുകയാണു. ഏതാനും മണിക്കൂറുകളെങ്കിലും അവിടെ കഴിഞ്ഞുകൂടുകയെന്നുള്ളതു മനുഷ്യസാധാരണമായിരിക്കുമെന്നു ഞങ്ങളും വിചാരിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനു വേണ്ടിയാണു ഞാൻ ഈ അവസരം വിനിയോഗിച്ചിട്ടുള്ളതു.

ശ്രീ. കെ. ഹസ്സൻ ഗനി : സർ, ജനാധിപത്യവിരുദ്ധമായ ഈ ഗവണ്മെന്റിന്റെ പോക്കിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളുടെ മറ്റു കക്ഷികളോടു പങ്കുചേരുന്നതിരിക്കാൻ നിവൃത്തിയില്ല. ഭരണകക്ഷിയിൽപ്പെട്ട ഒരംഗം ഇന്നലെ മുതൽ നിയമസഭയുടെ മുമ്പിൽ സത്യാഗ്രഹം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണു. ഇന്നലെ എന്റെ പാർട്ടി എടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിൽ ഞങ്ങളും അദ്ദേഹത്തോടു പങ്കുചേരാൻ തീരുമാനിച്ചുകഴിഞ്ഞു. അതുകൊണ്ട് ഇന്നത്തെ നിയമസഭാ ചടങ്ങുകളിൽ പങ്കുകൊള്ളാതെ ഞങ്ങളുടെ പാർട്ടിയും ഈ സഭവിട്ടു ഇറങ്ങിപ്പോകാൻ തീരുമാനിച്ചിരിക്കുന്നു.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : സർ, എനിക്കും ഒരു വാക്കു പറയുവാനുണ്ട്. ഈ അവസാനനിമിഷത്തിലെങ്കിലും ഭരണകക്ഷി നേതാക്കന്മാർക്കും ബന്ധപ്പെട്ട മന്ത്രിക്കും നല്ല ബുദ്ധി ഉദിക്കണമെന്നുള്ള ഒരു അപേക്ഷകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു.

(The Members of the Opposition excepting Shri JosephChazhikatt, walked out of the Chamber)

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* 84. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് കക്ഷിയടിസ്ഥാനത്തിലാണോ നടന്നതു ;

(ബി) ആലപ്പുഴ ജില്ല ഇൻഫർമേഷൻ ആഫീസിൽ കക്ഷിയടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പുഫലം പ്രസിദ്ധംചെയ്യുന്ന ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരമാണോ അങ്ങനെ അതു പ്രസിദ്ധം ചെയ്യുന്നതു ?

LIBRARY ARCHIVES Kerala Legislative Assembly